<u>പതിനാലാം കേരള നിയമസഭ</u>
<u>പതിനഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*87. 10.06.2019 ൽ മറുപടിയ്ക്ക്

## ലഹരിവിമുക്ത കേരളം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ<br>,, സി.കൃഷ്ണൻ<br>,, വി. കെ. സി. മമ്മത് കോയ<br>,, എൻ. വിജയൻ പിള്ള | | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | ലഹരി വർജ്ജനത്തിലൂടെ ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കാൻ ഈ സർക്കാർ ആവിഷ്കരിച്ച് വരുന്ന കർമ്മ പദ്ധതികൾ എന്തെല്ലാമാണ്; | (എ) | എല്ലാവിധ ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിനെതിരെ ബഹുജന പങ്കാളിത്തത്തോടെയുള്ള ശക്തമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരി വർജ്ജനത്തിലൂടെ ലഹരി മുക്തമായ ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടത്തിവരുന്നു.<br>"വിമുക്തി" മിഷന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലുമായി 14 ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുകയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ കൗൺസലിംഗ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തനം നടത്തുകയും ചെയ്തു വരുന്നു.<br>വിദ്യാലയങ്ങളും കലാലയങ്ങളും കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ എൻ.എസ്.എസ്., എസ്.പി.സി എന്നിവരുടെ നേതൃത്വത്തിലും, സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ മറ്റ് സ്പോർട്ട്സ് അസോസിയേഷനുകളുമായി സഹകരിച്ച് വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ കായിക ലഹരി എന്ന സന്ദേശം നൽകുന്നതിന് കായിക മത്സരങ്ങളും നടത്തി വരുന്നുണ്ട്. സംസ്ഥാനത്തെ ആദിവാസി, തീരദേശ മേഖലകൾ ലഹരിവിമുക്തമാക്കുന്നതിനു വേണ്ടി വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തുന്നു.<br>എക്സൈസ് റേഞ്ച് ഓഫീസുകളിലും പൊതുജനങ്ങൾക്ക് പരാതി അറിയിക്കുന്നതിനായി പരാതിപ്പെട്ടികൾ സ്ഥാപിച്ച് ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾ വഴി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വിമുക്തി മിഷന്റെ പ്രചരണാർത്ഥം നവ മാധ്യമമായ ഫേസ് ബുക്കിൽ പേജും, വാട്ട്സ് ആപ്പിൽ ഗ്രൂപ്പുകളും ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൈപ്പുസ്തകങ്ങളും, ലഘുലേഖകളും വിമുക്തി മിഷന്റെ ഭാഗമായി തയ്യാറാക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു.<br>കൂടാതെ വിവിധ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ലൈബ്രറി കൗൺസിൽ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ തുടങ്ങിയവയുമായി സഹകരിച്ച് ജില്ലകളിൽ വ്യത്യസ്തങ്ങളായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. |
| (ബി) | ലഹരിയുടെ ഉപയോഗവും വില്പനയും തടയുന്നതിനായി എക്സൈസ് എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എക്സൈസ് വകുപ്പിൽ 244 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും പുതിയ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കൂടാതെ ഉത്തരമേഖലയിൽ ഒരു മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലബോറട്ടറി ആരംഭിക്കുകയും വനിതാ പട്രോളിംഗ് സ്ക്വാഡിനായി 141 സ്കൂട്ടറുകൾ വാങ്ങുകയും ചെയ്തു. ക്രൈം രജിസ്ട്രേഷൻ ഓൺലൈനാക്കുകയും പാലക്കാട്, എറണാകുളം ജില്ലകളിൽ വയർലസ് സംവിധാനം സ്ഥാപിക്കുന്നതിന് ലൈസൻസ് ലഭ്യമാക്കുകയും ചെയ്തു.<br>എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം സുതാര്യവും, കാര്യക്ഷമവുമാക്കാൻ 14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി. റ്റി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുകയും, കംപ്യൂട്ടർവൽക്കരണം സാധ്യമാക്കുകയും, എക്സൈസ് ചെക്ക് പോസ്റ്റുകളിലെ ഉപയോഗത്തിനായി 27 മോട്ടോർ ബൈക്കുകൾ അനുവദിക്കുകയും ചെയ്തു. മയക്ക് മരുന്ന് കേസുകൾ വേഗം കണ്ടെത്തുന്നതിന് എക്സൈസ് വകുപ്പ് എൻ.സി.ബിയുമായി ചേർന്ന് നർക്കോട്ടിക് ഡ്രഗ്സ് ഡിറ്റക്ഷൻ കിറ്റുകൾ കേരളത്തിലെ 14 ജില്ലകളിലും വിതരണം ചെയ്ത് വരുന്നു. |
| (സി) | വ്യാജമദ്യ വില്പന നടത്തുന്നവർക്കും അനധികൃത ലഹരി വിതരണക്കാർക്കുമെതിരെ എന്തെല്ലാം കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (സി) | വ്യാജമദ്യ വില്പന നടത്തുന്നവർക്കെതിരെ അബ്കാരി നിയമം പ്രകാരവും, മയക്കുമരുന്നു കേസുമായി ബന്ധപ്പെട്ടവർക്കെതിരെ എൻ.ഡി.പി.എസ്. നിയമം പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്തു ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം ജില്ലകളിലാണ് പുതുതായി എക്സൈസ് ടവറുകൾ നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഡി) | കോട്ടയം എക്സൈസ് ടവറിന്റെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ എക്സൈസ് ടവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ